Draft #31 of File 3498/AD A4/4/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 31-May-2022 03:06 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ജീവനക്കാര്യം - ഫെയർ കോപ്പി വിഭാഗം - വിവിധ തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റങ്ങൾ, സ്ഥലംമാറ്റങ്ങൾ എന്നിവ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 4 സെക്ഷൻ**

നമ്പർ. 5643/AD A 4/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 31.05.2022

---

*പരാമർശം:*-1. സർവ്വകലാശാല ഉത്തരവ് നം. 203/എ4/4/2021/ഭരണ വിഭാഗം, തീയതി 30.01.2021.

2. ശ്രീമതി ആരതി പി.എസ്., കമ്പ്യൂട്ടർ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്-ന്റെ 04.03.2022 തീയതിയിലെ സമർപ്പണം.

3. വൈസ് ചാൻസലറുടെ 31.05.2022 തീയതിയിലെ ഉത്തരവ്.

**ഉത്തരവ്**

ഒൻപത്, പത്ത് ശമ്പള പരിഷ്കരണ ഉത്തരവുകൾ പ്രകാരം ഫെയർ കോപ്പി വിഭാഗം ജീവനക്കാരുടെ തസ്തികകൾ 26.02.2011 പ്രാബല്യത്തിൽ ക്രമീകരിച്ച്, ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്), ഓഫീസ് സൂപ്രണ്ട്, സെലക്ഷൻ ഗ്രേഡ് തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകി പരാമർശം (1) സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ശ്രീമതി ജലജകുമാരി കെ., ഓഫീസ് സൂപ്രണ്ട് (ഹയർ ഗ്രേഡ്) (PEN: 2579) 31.05.2022 അപരാഹ്നം സർവ്വീസിൽ നിന്നും വിരമിക്കുന്നതിനെ തുടർന്ന്, ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ ഉൾക്കൊള്ളിച്ച്, ഫെയർ കോപ്പി വിഭാഗം ഓഫീസ് സൂപ്രണ്ടുമാരിൽ ഏറ്റവും സീനിയർ ആയ ശ്രീമതി ബിന്ദു ഇ.ടി. (PEN: 2577)-ക്ക് 01.06.2022 പൂർവാഹ്നം മുതൽ ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്ക് (ശമ്പള സ്കെയിൽ : 56,500 - 1,18,100) സ്ഥാനക്കയറ്റം നൽകുന്നു.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിൽ അന്യത്രസേവന വ്യവസ്ഥയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി ആരതി പി.എസ്., കമ്പ്യൂട്ടർ അസിസ്റ്റൻറ് സെലക്ഷൻ ഗ്രേഡ്, ടിയാളുടെ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 05.03.2022 തീയതി മുതൽ ഒരു വർഷത്തേക്ക് താൽക്കാലികമായി ഉപേക്ഷിക്കുന്നതിന് (temporary relinquishment of promotion), പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ആയത് പരിഗണിച്ച്, ശ്രീമതി ബിന്ദു ഇ.ടി.-ക്ക് 01.06.2022 പൂർവ്വാഹ്നം മുതൽ ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നതിനെ തുടർന്ന് ഓഫീസ് സൂപ്രണ്ട് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവിൽ ഉൾക്കൊള്ളിച്ച്, ഫെയർ കോപ്പി വിഭാഗം സെലക്ഷൻ ഗ്രേഡ് കമ്പ്യൂട്ടർ അസിസ്റ്റന്റുമാരിൽ ഏറ്റവും സീനിയർ ആയ ശ്രീമതി ആരതി പി.എസ്-ന് തൊട്ടടുത്ത സീനിയർ ശ്രീമതി ജാസ്മിൻ സി. ജി. (PEN: 3381)-ക്ക് 01.06.2022 പൂർവ്വാഹ്നം മുതൽ ഓഫീസ് സൂപ്രണ്ട് തസ്തികയിലേക്ക് (ശമ്പള സ്കെയിൽ : 51,400 - 1,10,300 ) സ്ഥാനക്കയറ്റം നൽകുന്നു.

ശ്രീ. ശ്രീജിത്ത് കെ. (PEN: 3409), കമ്പ്യൂട്ടർ അസിസ്റ്റൻറ് സെലക്ഷൻ ഗ്രേഡ്, ഇ.എൻ 15 സെക്ഷൻ (പരീക്ഷാ വിഭാഗം)-നെ സ്ഥലം മാറ്റി ശ്രീമതി ജാസ്മിൻ സി.ജി.-ക്ക് പകരമായി എസി.സി. 1 സെക്ഷനിൽ നിയമിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ശ്രീമതി ജാസ്മിൻ സി.ജി. (PEN: 3381), ഓഫീസ് സൂപ്രണ്ട്, എസി.സി 1 സെക്ഷൻ -നെ സ്ഥലം മാറ്റി ശ്രീമതി ജലജകുമാരി കെ., ഓഫീസ് സൂപ്രണ്ട് ഹയർ ഗ്രേഡ് വിരമിക്കുന്ന ഒഴിവിൽ, ഭരണ വിഭാഗം ഡെസ് പാച്ച് സെക്ഷനിൽ നിയമിക്കുന്നു.

മേൽ പരാമർശിച്ചിട്ടുള്ള സ്ഥാനക്കയറ്റങ്ങൾ, സ്ഥലംമാറ്റങ്ങൾ പരാമർശം (3) പ്രകാരം അംഗീകരിച്ച് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ചുമതല വ്യത്യാസമുള്ള തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥയ്ക്ക് ചുമതല ഏറ്റെടുക്കുന്ന ദിവസം മുതൽ മാത്രമേ സ്ഥാനക്കയറ്റത്തിന്റെ പ്രാബല്യം ലഭിക്കുകയുള്ളൂ.

സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥർ ഈ ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം സ്ഥാനക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയത്തിന് വേണ്ടി സമർപ്പണം നൽകേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ/സെക്ഷനുകൾ
2. വൈസ് ചാൻസലർ, പ്രോ - വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർമാർ/ഡെപ്യൂട്ടി രജിസ്ട്രാർമാർ/ജോയിൻറ് രജിസ്ട്രാർമാർ (ഭരണം/പരീക്ഷ/ധനകാര്യം)
5. പൂൾ ഓഫീസർ/പി.ആർ.ഒ/യൂണിവേഴ്സിറ്റി വെബ്സൈറ്റ്
6. ഓഡിറ്റ്2/3/ഫിനാൻസ്1/2/എഫ്.സി.സി/എഡി.സി2/ജനറൽ ക്യാഷ്
7. സി.എം.എസ്/ഐ.ടി സെൽ/ഐ.ക്യൂ.എ.സി/സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
8. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് കാര്യാലയം (മഹാത്മാഗാന്ധി സർവ്വകലാശാല)
9. എഡി.എ8/10/റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #31 of File 3498/AD A4/4/2019/AD A 4 Approved by ASSISTANT REGISTRAR I (ADMIN) on 31-May-2022 03:06 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം